(ബി) വിതരണത്തെപ്പറ്റി എന്തെങ്കിലും പരാതി സർക്കാരിനു ലഭിച്ചിട്ടുണ്ടോ ;

(സി) ഏതു രീതിയിൽ വിതരണം നടത്തണമെന്നുള്ളതിനെപ്പറ്റി സർക്കാർ വ്യക്തമായ എന്തെങ്കിലും നിർദ്ദേശം കൊടുത്തിട്ടുണ്ടോ;

(ഡി) എന്തെങ്കിലും പഞ്ചായത്തുകൾ വിതരണത്തിനുള്ള മരച്ചീനി വിറകുകളഞ്ഞതായി സർക്കാരിനു പരാതി ലഭിച്ചിട്ടുണ്ടോ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) 220 പഞ്ചായത്തുകൾക്കു് അനുവദിച്ചിരുന്നു.

(ബി) ചില പരാതികൾ ലഭിച്ചു.

(സി) ഉണ്ടു്.

(ഡി) അങ്ങനെയും പരാതികൾ ലഭിച്ചിട്ടുണ്ടു്.

താലൂക്കു പുനഃസ്സംഘടന കമ്മിറ്റി.

* 162. [18] ശ്രീ. എൻ. ജി. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ധനകാര്യമന്ത്രി ദയവു മറുപടി നൽകുമോ :

(എ) താലൂക്കുകൾ പുനഃസ്സംഘടിപ്പിക്കുന്നതിനുവേണ്ടി ഒരു കമ്മിറ്റിയെ ഗവണ്മെൻറ് ഉണ്ടാക്കിയിട്ടുണ്ടോ ;

(ബി) ആ കമ്മിറ്റിയുടെ റിപ്പോർട്ടു ഗവണ്മെൻറിൽ സമർപ്പിച്ചിട്ടുണ്ടോ ;

(സി) പുതുതായി എത്ര താലൂക്കുകളും, എത്ര വില്ലേജുകളും, ഉണ്ടാക്കുവാൻ കമ്മിറ്റി ശുപാർശചെയ്തിട്ടുണ്ടു്.

(ഡി) പുതുതായി ഉണ്ടാക്കുന്നതിനു കമ്മിറ്റി ശുപാർശചെയ്തിട്ടുള്ള താലൂക്കുകൾ ഏതെല്ലാം ;

(ഇ) പുതുതായി ഉണ്ടാക്കുന്നതിനു കമ്മിറ്റി ശുപാർശ ചെയ്തിട്ടുള്ള വില്ലേജുകൾ ഏതെല്ലാം ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) ഉണ്ടു്.

(ബി) ഉണ്ടു്.

(സി, ഡി, ഇ) റിപ്പോർട്ടു ഗവണ്മെൻറിന്റെ പരിഗണനയിൽ ഇരിക്കുന്നതുകൊണ്ടു് ഈ വിവരങ്ങൾ ഇപ്പോൾ വെളിപ്പെടുത്തുവാൻ കഴിയുന്നതല്ല.

ഗ്രാമസേവകരുടെ തെരഞ്ഞെടുപ്പു്.

* 163. [19] ശ്രീ. പി. കുഞ്ഞൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി ദയവു മറുപടി പറയുമോ :

(എ) കമ്മിറ്റി പ്രാക്ടിക്കലിലും വൻ. ഇ. എസ്സ്. ബ്ലോക്കിലും ഗ്രാമസേവകന്മാരായി തെരഞ്ഞെടുത്തു പരിശീലനം നൽകുന്നതിനു് അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ടോ എന്നു ;

(ബി) ഉണ്ടെങ്കിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടു് ;

LIBRARY ARCHIVES Kerala Legislative Assembly